# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2841 — 15.12.2015 -ലെ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല

*ചോദ്യം*
ശ്രീ. കെ.സുരേഷ് കുറുപ്പ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന നടപടി സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമായിരിക്കും എന്ന് വിശദീകരിക്കാമോ; നിബന്ധനകൾ എന്തെല്ലമാണ്; വ്യക്തമാക്കുമോ; | (ബി) | സർക്കാർ രൂപീകരിക്കുന്ന അക്കാദമിക് സിറ്റി അതോറിറ്റിയാണ് ഉന്നത അക്കാദമിക മേഖലയുടെ മേൽനോട്ടം നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നത്. അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിച്ചിട്ടില്ല. |
| (സി) | ഇതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും പ്രാരംഭ യോഗമോ സംഗമമോ നടത്തുന്നുണ്ടോ; അതിനായി എന്തു തുക ചെലവാകും; വ്യക്തമാക്കുമോ; | (സി) | 2016 ജനവരി 29,30 തീയതികളിലായി ഒരു ആഗോള വിദ്യാഭ്യാസ സംഗമം സർക്കാർ , ഉന്നത വിദ്യാഭ്യാസ കൗൺസിൽ , FICCI എന്നിവയുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു. ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായങ്ങളും കൂടി പരിഗണിച്ച മാത്രമേ സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുകയുള്ളു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ ചെലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | ഉന്നത വിദ്യാഭ്യാസ അക്കാദമിക മേഖലകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വാകാര്യ സംരംഭകർക്ക് പ്രത്യേക എക്സ്പോർട്ട് മേഖലകൾക്ക് നൽകിവരുന്ന രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകളും, പ്രസ്തുത മേഖലയിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ , വൈദ്യുതി,വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങളും അവരുടെ അതിർത്തിവരെ നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഏകജാലക സംവിധാനത്തിലൂടെ, സർക്കാർ, യൂണിവേഴ്സിറ്റികളുടെ അനുമതികൾ നൽകുന്നതിനും ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ